CHRISTIAN MUSICOLOGICAL SOCIETY of INDIA

# തൊഴിയൂർ മെത്രാപ്പോലീത്ത

# പൗലോസ് മാർ പിലിക്സിനോസിൻെറ

## പ്രസ്താവന

16—8—1977.

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY of INDIA

കത്തോലിക്കാസഭയുമായുള്ള ഐക്യത്തിൽ പ്രവേശിക്കുന്നതുകൊണ്ട് നമ്മുടെ സ്വാതന്ത്ര്യത്തിനോ, വിശ്വാസാചാരങ്ങൾക്കോ, ആരാധനാക്രമങ്ങൾക്കോ, കുറവൊന്നും സംഭവിക്കയില്ലെന്നു മാത്രമല്ല, അവയെല്ലാം അവയുടെ പൂർണ്ണതയിൽ പരിരക്ഷിക്കപ്പെടുന്നതിനും വളരുന്നതിനുമുള്ള സാദ്ധ്യത വർദ്ധിക്കുകകൂടെയാണ് ചെയ്യുന്നത്.

നിഖ്യാവിശ്വാസപ്രമാണത്തിൽ നാം ഏറ്റുചൊല്ലുന്ന'' കാതോലികവും ശ്ലൈഹികവുമായ ഏക വിശുദ്ധ സഭയിലും ഞാൻ വിശ്വസിക്കുന്നു.'' എന്നതനുസരിച്ച് കർത്താവിന്റെ ഏക സഭയിൽ നാം വിശ്വസിക്കുകയും പൂർണ്ണമായി ഐക്യപ്പെട്ടിരിക്കുകയും ചെയ്യേണ്ടതു് നമ്മുടെ കടമയാണ്. എല്ലാ പ്രാദേശികസഭകളുടേയും ഐക്യത്തിന് നിദാനമായിരിക്കുന്ന ശ്ലീഹന്മാരുടെ തലവനായ വി. പത്രോസിന്റെ പിൻഗാമിയും റീശ് പാത്രിയക്കീസുമായ റോമ്മാമാർപ്പാപ്പായുടെ പരമാധികാരം അംഗീകരിക്കാതെ ഈ കടമ നിർവ്വഹിക്കുവാൻ സാദ്ധ്യമല്ല. ഇതേ ചിന്തകളാൽ പ്രേരിതമായിട്ടാണ് മലങ്കരസഭയിലെ പൂർവ്വപിതാക്കന്മാർ കത്തോലിക്കാസഭയുമായുള്ള പുനരൈക്യത്തിന് പരിശ്രമിച്ചിട്ടുള്ളതും ആ പരിശ്രമങ്ങൾ വിജയത്തിലെത്തിച്ച പുനരൈക്യപ്രസ്ഥാനംവഴി മലങ്കരസഭയ്ക്കുണ്ടായിട്ടുള്ള നേട്ടങ്ങൾ ഈ വിജ്ഞാപനത്തിൽ അന്യത്ര പ്രസ്താവിച്ചിട്ടുണ്ടല്ലോ.

വിശുദ്ധന്മാരും പണ്ഡിതന്മാരുമായ ഈ പിതാക്കന്മാരുടെ മാതൃക പിന്തുടർന്ന് മലങ്കരസഭയ്ക്കു ഒരു പ്രാദേശികസഭ എന്നനിലയിൽ സാർവ്വത്രിക സഭയിലുള്ള സ്ഥാനം സുനിശ്ചിതമാക്കുകയും നിലനിർത്തുകയും ചെയ്യേണ്ടതു് നമ്മുടെ ചുമതലയല്ലേ. നമ്മെപ്പറ്റിയുള്ള ദൈവത്തിന്റെ ഈ തിരുമനസ്സ് നിറവേറുന്നതിനും ആദ്ധ്യാത്മികവും ഭൗതികവുമായ നമ്മുടെ വളർച്ചക്ക വഴി ഒരുക്കുന്നതിനും ഇതല്ലാതെ മറ്റൊരു മാർഗ്ഗവുമില്ലെന്നു് എനിക്കു ബോദ്ധ്യമായിട്ടുണ്ട്. അതുകൊണ്ടാണ് നാം കത്തോലിക്കാ സഭയുടെ ഐക്യത്തിലേക്കു പ്രവേശിക്കുവാൻ തീരുമാനിച്ചിരിക്കുന്നതും, പ്രിയമക്കളായ നിങ്ങളെ സ്നേഹപൂർവ്വം അതിനായി ആഹ്വാനം ചെയ്യുന്നതും.

മേൽ പറഞ്ഞ വസ്തുതകളുടെ വെളിച്ചത്തിൽ നമ്മുടെ കൊച്ചുസഭ ഒന്നായി നമ്മോടു കൂടെ നിന്നു പുനരൈക്യപ്രസ്ഥാന

www.TheCMSIndia.org

ത്തിൽ സഹകരിക്കുന്ന എങ്കിൽ ഏറ്റവും ഉത്തമമായിരിക്കും. സഭ മുഴുവനായി എന്നോടു സഹകരിക്കാത്തപക്ഷം വിശ്വാസികൾക്ക് ആരംഭത്തിൽ അല്പസ്വല്പം ബുദ്ധിമുട്ടുകൾ ഉണ്ടാകാം. എങ്കിൽതന്നെയും എന്നോടുകൂടെ സഹകരിച്ചു നില്ക്കുന്ന വൈദീകർക്കും വിശ്വാസികൾക്കും ആത്മീകവും ലൗകീകവുമായ എല്ലാ കാര്യങ്ങളിലും നമ്മുടെ പൈതൃകമായ സേവനം നാം വാഗ്ദാനം ചെയ്യുന്നു. വിശ്വാസത്തിൽ മുന്നോട്ടുപോകാൻ നിങ്ങൾ സഭയായിട്ടും വ്യക്തികളായിട്ടും എന്നോട് പരിപൂർണ്ണമായി സഹകരിക്കണമെന്ന് നാം കർത്താവിൽ ആശിക്കുന്നു.

നമ്മുടെ കർത്താവീശോമിശിഹായുടെ കൃപ സദാ നിങ്ങളിൽ വർദ്ധിച്ചിരിക്കുമാറാകട്ടെ-ആയതു് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാമിന്റേയും സകല വിശുദ്ധന്മാരുടേയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽ തന്നെ.

തൊഴിയൂർ,
16-8-1977

പൗലോസ് മാർ പീലക്സീനോസ്,
മെത്രാപ്പോലീത്താ

N. B. നമ്മുടെ പ്രിയ മക്കളായ നിങ്ങളേവർക്കുംവേണ്ടിയും കത്തോലിക്കാതിരുസ്സഭയുമായുള്ള എന്റെ ഐക്യം മുൻനിർത്തി പ്രാർത്ഥിക്കുന്നതിനും ഒരാഴ്ചയോളം ധ്യാനദിനങ്ങളായി ചെലവഴിക്കുന്നതിനും ഞാൻ യാത്രയാവുകയാണു്. എന്റെ ധ്യാനവും മറ്റും കഴിഞ്ഞു് ഞാൻ മടങ്ങിവരുമ്പോൾ നിങ്ങളേവരെയും സന്ദർശിക്കുന്നതിന് ഞാൻ ആഗ്രഹിക്കുന്നുവെന്ന വസ്തുതയും ഞാൻ നിങ്ങളെ സ്നേഹപൂർവ്വം ഓർപ്പിച്ചുകൊള്ളട്ടെ.

Orphanage Press, Trichur-5.

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA
REG. NO. 118/IV/2016

For further information
regarding this text Please contact:
*info@thecmsindia.org*
*library@thecmsindia.org*

Please join the
'CMSI Benefactors Club'
and support the ongoing projects of
Christian Musicological Society Of India

- DIGITAL LIBRARY
- ARAMAIC PROJECT
- DIRECTORY OF CHRISTIAN SONGS
- ENCYCLOPEDIA OF SYRIAC CHANTS
- MUSIC ICONOGRAPHY
- CHRISTIAN ART